**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5312** **12-08-2021 - ൽ മറുപടിയ്ക്ക്**

**ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്‌ലൂം ടെക്നോളജി കണ്ണൂർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്‌ലൂം ടെക്നോളജി- കണ്ണൂർ എന്നാണ് സ്ഥാപിതമായത്; പ്രസ്തുത സ്ഥാപനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | 1987 ജനുവരി 14നാണ് സ്ഥാപിതമായത്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ദേശലക്ഷ്യങ്ങൾ i. കൈത്തറി/ വസ്ത്ര/ഫാഷൻ രംഗവുമായി ബന്ധപ്പെട്ട ഹ്രസ്വ-ദീർഘകാല പരിശീലനങ്ങളും കോഴ്സുകളും നടത്തുക. ii. ഈ മേഖലയുമായി ബന്ധപ്പെട്ട ഗവേഷണ പദ്ധതികൾ നടപ്പിലാ ക്കുക. iii. കൈത്തറി-വസ്ത്ര മേഖലയ്ക്ക് സാങ്കേതിക സഹായം നൽകുക. iv. ഈ മേഖലയെക്കുറിച്ച് പൊതു ജനങ്ങൾക്ക് അവബോധം നൽകുന്നതിന് ബുക്കുകളും, പ്രബന്ധങ്ങളും പ്രസിദ്ധീകരിക്കുക. v. സെമിനാറുകളും, കോൺഫറൻസുകളും സംഘടിപ്പിക്കുക. vi. കൈത്തറിയുടെ വികസനത്തിനാവശ്യമായ പദ്ധതികളും, പരിശീലന പരിപാടികളും നടത്തുക. vii. സമാന സ്ഥാപനങ്ങളുമായി ഒത്തു ചേർന്ന് കൈത്തറി - വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുക viii. കൈത്തറിയുമായി ബന്ധപ്പെട്ട അസംസ്കൃത വസ്തുക്കളുടെയും, ഉല്പന്നങ്ങളുടെയും ഗുണമേന്മാ പരിശോധന നടത്തുക. ix. വിവിധ കൈത്തറി ഉല്പന്നങ്ങളുടെയും പ്രസിദ്ധീകരണങ്ങളുടെയും ലൈബ്രറി ഒരുക്കുക. |
| (ബി) | ഐ.ഐ.എച്ച്.ടി. കണ്ണൂരിൽ നടത്തുന്ന കോഴ്സുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; പ്രസ്തുത കോഴ്സുകൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | സർക്കാരിന്റെ അംഗീകാരത്തോടെ ഐ.ഐ.എച്ച്.ടി നടത്തുന്ന കോഴ്സുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. 1)ഡിപ്ലോമ ഇൻ ഹാന്റ്‌ലൂം ആന്റ് ടെക്സ്റ്റൈൽ ടെക്നോളജി - 3 വർഷം G.O.Rt.No.714/2011/ID dated 26.5.2011 2)ബി.എസ്.സി കോസ്റ്റ്യൂം ആന്റ് ഫാഷൻ ഡിസൈനിങ്ങ് - 3 വർഷം G.O.Ms.No.11/2021/HEDN dated 12.1.21 ഗവേണിങ്ങ് ബോഡി അംഗീകാരത്തോടെ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തുന്ന ഹ്രസ്വകാല കോഴ്സുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. 1)ക്ലോത്തിങ്ങ് ആന്റ് ഫാഷൻ ടെക്നോളജി - 1വർഷം 2)കമ്പ്യൂട്ടർ എയ്ഡഡ് ഫാഷൻ ഡിസൈനിങ്ങ് - 3 മാസം |

| | | | |
|---|---|---|---|
| | | | 3)കമ്പ്യൂട്ടർ എയ്ഡഡ് ടെക്സ്റ്റൈൽ ഡിസൈനിങ്ങ് - 3മാസം 4)ട്രെയിനിങ്ങ് ഇൻ വാല്യൂ എഡിഷൻ ടെക്സ്റ്റിക് & ഫാഷൻ ക്ലോത്തിങ്ങ് (TVT&FC) 5)ട്രെയിനിങ്ങ് ഇൻ ഇന്റീരിയർ ഡിസൈനിങ്ങ് & ഹോം ഫർണിഷിങ്ങ് (TID & FC) 6)അഡ്വാൻസ്ഡ് ട്രെയിനിങ്ങ് ഇൻ പാറ്റേൺ മേക്കിങ്ങ് ആന്റ് ഗാർമെന്റ് കൺസ്ട്രക്ഷൻ (APMGC) |
| (സി) | 2016 മുതൽ 2021 വരെ ഐ.ഐ.എച്ച്.ടി.ക്ക് സർക്കാർ ധനസഹായമായി എത്ര തുക നൽകി; പ്രസ്തുത സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ; ഈ തുക സ്ഥാപനം പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോ; പ്രസ്തുത വിനിയോഗ പത്രത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (സി) | 2016 മുതൽ 2021 വരെ ഐ.ഐ.എച്ച്.ടി.ക്ക് സർക്കാർ ധനസഹായമായി അനുവദിച്ച തുകയുടെ വിശദവിവരങ്ങൾ Year Govt.Order Amount 2016-17 G.O.Rt.No.409/2017/ID dated 21.3.2017 80 ലക്ഷം 2017-18 G.O.Rt.No.1417/2017/ID dated 5.10.2017 80ലക്ഷം 2018-19 G.O.Rt.No.177/2019/ID dated 22.02.2019 1 കോടി 2019-20 G.O.Rt.No.1239/2019/ID dated 10.12.2019 80ലക്ഷം 2020-21 G.O.Rt.No.624/2020/ID dated 13.08.2020 70 ലക്ഷം മേൽ തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ പകർപ്പ് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. |
| (ഡി) | ഐ.ഐ.എച്ച്.ടി.യിൽ നിലവിൽ എത്ര ജീവനക്കാരുണ്ട്; സ്ഥിരം, താത്കാലികം എന്നിങ്ങനെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ? | (ഡി) | ഐ.ഐ.എച്ച്.ടി കണ്ണൂരിൽ നിലവിൽ 43 ജീവനക്കാരുണ്ട്. സ്ഥിര ജീവനക്കാർ - 14 കരാർ ജീവനക്കാർ - 13 ദിവസവേതന ജീവനക്കാർ - 12 കാഷ്വൽ ജീവനക്കാർ - 4 |

സെക്ഷൻ ഓഫീസർ